# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2626** **06.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം**

| **ചോദ്യം:** | | **മറുപടി:** | |
|---|---|---|---|
| **ശ്രീ.എ.പി.അനിൽ കുമാർ** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | **2016-2017** വർഷം പാലക്കാട് കരുണ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിന് അഡ്മിഷൻ കിട്ടി പഠിച്ചുവരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസാനുകൂല്യം പാലക്കാട് പട്ടികജാതി ഓഫീസർ ഉത്തരവിലൂടെ നിരാകരിച്ച സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു; | (എ)<br>&<br>(ബി) | പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസർ കരുണ മെഡിക്കൽ കോളേജിലെ അർഹരായ വിദ്യാർത്ഥികളുടെ ആനുകൂല്യം നിരാകരിച്ചിട്ടില്ല.<br>പാലക്കാട് കരുണ മെഡിക്കൽ കോളേജിന് 2016-2017 അദ്ധ്യയന വർഷത്തിൽ കേരള ഹൈക്കോടതി വിധിക്ക് അനുസൃതമായി, ഇന്റർസേ മെറിറ്റ്/റിസർവേഷൻ പാലിച്ച് അഡ്മിഷൻ സൂപ്പർ വൈസറി കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നും പ്രവേശനം നേടിയ മെഡിക്കൽ വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രവേശന പരീക്ഷാ കമ്മീഷണർ അംഗീകരിച്ചിട്ടുണ്ട്.<br>എന്നാൽ, കരുണ മെഡിക്കൽ കോളേജിലേക്ക് 2016-17 അദ്ധ്യയന വർഷത്തിലെ എം.ബി.ബി.എസ് പ്രവേശന നടപടികൾ കോളേജ് മാനേജ്മെന്റ് നേരിട്ടാണ് നടത്തിയതെന്നും, ആയത് കൊണ്ട്തന്നെ എല്ലാ പ്രവേശനവും മാനേജ്മെന്റ് ക്വാട്ടയിലാണെന്നും കമ്മീഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻ; ഡയറക്ടർ, അഡ്മിഷൻ ഫീ റഗുലേറ്ററി കമ്മിറ്റി എന്നിവർ അറിയിച്ചിട്ടുണ്ട്.<br>നിലവിലെ ഉത്തരവ് (സ.ഉ(അച്ചടി) 50/2009/പജ.പവ.വിവ, തീയതി : 02.07.2009) പ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയില്ല. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് എന്ന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**